701

17140

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് -ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ ഒരു റീജിയണൽ ലാബ് സ്ഥാപിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിനായി 22,200-48,000 ശമ്പള സ്കെയിലിൽ3 ലാബ് ടെക്നീഷ്യൻ ഗ്രേഡ് - ll തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(കൈ)/66/2017/തൊഴിൽ** തിരുവനന്തപുരം,തീയതി, 20/08/2017

പരാമർശം:- 1) ഇ.എസ്.ഐ റീജിയണൽ ബോർഡിന്റെ 102 -ാമത് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സബ് കമ്മിറ്റിയുടെ 21.08.2014-ലെ മീറ്റിംഗിന്റെ മിനിട്സ്

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 08.01.2015, 09.06.2015, 17.02.2016, 27.05.2016, 22.04.2017 എന്നീ തീയതികളിലെ ബി2/648/2011/ ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇ.എസ്.ഐ പദ്ധതിയുടെ നടത്തിപ്പിൽ മലബാർ മേഖല അവഗണിക്കപ്പെടുന്നു എന്ന വിഷയം പരിശോധിച്ച് തുടർ നടപടി കൈക്കൊള്ളുന്നതിനായി ഇ.എസ്.ഐ യുടെ റീജിയണൽ ബോർഡിന്റെ 102-ാമത് മീറ്റിംഗിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളിൽ ഒരെണ്ണം കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിക്ക് സമീപത്തുള്ള ഡിസ്പെൻസറികളിലെ ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ കൂടി ടി ഇ.എസ്.ഐ ആശുപത്രിയിലേക്ക് പുനർവിന്യസിച്ച് ഫെറോക്ക് കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് ആരംഭിക്കുക എന്നതായിരുന്നു. തുടർന്ന് ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിക്ക് സമീപത്തുള്ള

ചക്കോരത്തുകുളം, ചെറുവണ്ണൂർ, ചാലപ്പുറം എന്നീ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ നിന്നും മൂന്ന് ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേക്ക് പുനർവിന്യസിച്ച് ഫെറോക്ക് കേന്ദ്രമാക്കി ഒരു റീജിയണൽ ലാബോറട്ടറി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറകടർ സർക്കാരിൽ സമർപ്പിച്ചു. എന്നാൽ ജീവനക്കാരുടെ പുനർവിന്യാസം മറ്റു മൂന്ന് ഡിസ്പെൻസറികളുടെയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ 22,200-48,000 ശമ്പള സ്കെയിലിൽ 3 ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II തസ്തികകൾ സൃഷ്ടിക്കണമെന്ന് ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ ഫെറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ ഒരു റീജിയണൽ ലാബ് സ്ഥാപിക്കുന്നതിനും ആയതിന്റെ പ്രവർത്തനത്തിനായി 22,200-48,000 ശമ്പള സ്കെയിലിൽ 3 ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടോം ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ. കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680 020
സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680 020
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി ഫെറോക്ക്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ് /ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ്(അനൗദ്യോഗികകുറിപ്പ് നം.118519/എച്ച് & എൽ ബി1/2017/ധന,തീയതി 14.07.2017)
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.1356, തീയതി 16.08.2017 )
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

---

**മേലെഴുത്ത് കത്ത് നം.ബി2-648/2011/ഡി.ഐ.എം.എസ് തീയതി 25.08.2017**

ഉത്തരവിന്റെ പകർപ്പ് അനന്തരനടപടികൾക്കായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഉത്തര മേഖല, കോഴിക്കോട്.
2. സൂപ്രണ്ട്, ഇ.എസ്.ഐ.ആശുപത്രി, ഫറോക്ക്
3. ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ.
4. സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്/അക്കൗണ്ട്സ്)
5. ഇ4/എഫ്1/എ4/ ഇ-ഗവേണൻസ്/സ്റ്റാറ്റിസ്റ്റിക്സ് സെക്ഷനുകൾ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ടി.കെ.ജെ-26.08.2017/